# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1835 17.06.2013-ൽ മറുപടി**

**<u>വർഗീയ സംഘടനകളുടെ ആയുധ പരിശീലനം</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കെ. നാരായണൻ | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് ഏതെല്ലാം വർഗ്ഗീയ സംഘടനകൾ ആയുധ പരിശീലനം നടത്തുന്നതായാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്; | എ) സംസ്ഥാനത്ത് ചില മതവർഗ്ഗീയവാദ സംഘടനയിലെ പ്രവർത്തകർ ചിലയിടങ്ങളിൽ ആയുധ പരിശീലനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം ചില കേസുകൾ അന്വേഷണാവസ്ഥയിൽ ആയതിനാലും പ്രസ്തുത സംഘടനകളെ നിരിക്ഷിച്ചു വരുന്നതിനാലും സംഘടനകളുടെ പേരു വിവരങ്ങൾ ഇപ്പോൾ വെളിപ്പെടുത്താനാവില്ല. |
| ബി) സംസ്ഥാനത്ത് എവിടെയാല്ലാമാണ് ഇത് നടന്നിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ; | ബി) കണ്ണൂർ ജില്ലയിലെ മയ്യിൽ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട നാറാത്ത് നിന്നും ആയുധ പരിശീലനത്തിൽ ഏർപ്പെട്ടിരുന്ന പി. എഫ്. ഐ. പ്രവർത്തകരെ 23.04.2013 ൽ പോലീസ് പാർട്ടി റെയിഡ് നടത്തി കസ്റ്റഡിയിൽ എടുത്തിട്ടുണ്ട്. മറ്റു പലസ്ഥലങ്ങളിലും ഇത്തരം പ്രവർത്തനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദമായ അന്വേഷണങ്ങൾ നടന്നു വരുന്നതിനാൽ സ്ഥലങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ വെളിപ്പെടുത്താനാവില്ല. |
| സി) ഇതുമായി ബന്ധപ്പെട്ട് എവിടെയെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; | സി) ഉണ്ട്. |
| ഡി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ? | ഡി) ഇതുമായി ബന്ധപ്പെട്ട് മയ്യിൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 276/13 u/s 143, 147, 153 (B), r/w 149 IPC & 25 (C) (1) (a) of Arms Act, 4 & 5 of ES Act and 18 of UAP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ